## നിര്യാതരായി



തോമസ് പോൾ

**സെ**ൻറ് മേരീസ് ഓർത്തോഡോക്സ് കത്തീഡ്രലിന്റെ മുൻ ട്രസ്റ്റി (2004-2005) കല്ലത്ത് ദീപം വീട്ടിൽ **തോമസ് പോൾ** (83) 25-06-2018 ൽ നിര്യാതനായി . കോഴിക്കോട് സെൻറ് ജോർജ് ഓർത്തോഡോക്സ് കത്തീഡ്രൽ മുൻ ട്രസ്റ്റിയുമായിരുന്നു പരേതൻ. ചിറ്റൂർ റോഡ് സെമിത്തേരിയിൽ 27-06-2018 ൽ അടക്കം ചെയ്തു.



**എ**ളംകുളം കുമാരനാശാൻ റോഡ് പാനിക്കുളം **സാറാമ്മ ഇട്ടിച്ചൻ** (87) 19-06-2018 ൽ നിര്യാതയായി. 20-06-2018 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.



**എ**റണാകുളം മാർക്കറ്റ് റോഡ് കല്ലത്ത് ദീപം വീട്ടിൽ **തോമസ് പോൾ** (83) 25-06-2018 ൽ നിര്യാത നായി. 27-06-2018 ൽ ചിറ്റൂർ റോഡ് സെമിത്തേരി യിൽ അടക്കം ചെയ്തു.

**എ**റണാകുളം ടി. ഡി. റോഡ് പൈനാടത്ത് **സജി വർഗീസ്** (50) 19-06-2018 ൽ നിര്യാതനായി. 20-06-2018 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

*(ഇടയലേഖനം തുടർച്ച)*

മരണം വരെ ആയിരുന്നു. അത് അക്ഷരാർത്ഥത്തിൽ എരിഞ്ഞടങ്ങിയ മെഴുതിരിയായിരുന്നു. ആ ജീവിതത്തിന് ഒരു പൂർണ്ണതയുണ്ടായിരുന്നു; അതു തന്നെയായിരുന്നു അതിന്റെ മനോഹാരിതയും. ചുറ്റും പ്രകാശം പരത്തുന്ന വിളക്കായി, അണയുന്നതുവരെ സ്ഥിരം സ്ഥിതമായി നിൽക്കുന്ന ദീപയഷ്ടികളാണ്, സഭയുടെ സമ്പത്തും, സമൂഹത്തിന്റെ ഈടുവയ്പ്പും. യോഹന്നാന്റെ ജീവിതം, നമുക്കെല്ലാം ഒരു വെല്ലുവിളിയും, മഹനീയ ദൃഷ്ടാന്തവുമാണ്. ജ്വലിച്ചുപ്രകാശിക്കുന്ന വിളക്കായി ജീവിക്കാൻ നമുക്കും കഴിഞ്ഞെങ്കിൽ. ■

## അഭിനന്ദനങ്ങൾ



**O**ur Parish member **Ms.Christina Mariam Chacko**, D/o Mr.Chacko Philip & Mrs.Mariamma Chacko received the 'Merit Award 2017' for securing IInd Rank in Msc Psychology from MG University in academic year 2015-17 from Baselios Marthoma Paulose II held at Kottayam Catholicate Aramana on 15.5.2018, Tuesday.Semeon Mar Divannasios Memorial Charitable Society Rank Holder Award-2018 was also awarded to her at Koratty Sion Seminary for the same by our Bava Tirumeni.

### 2017-18 CBSC 10-ാം ക്ലാസ്സ്, +2 പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കത്തീഡ്രൽ ഇടവകയിലെ വിദ്യാർത്ഥികൾ.



റേച്ചൽ മേരി ജേക്കബ്



ജെറിൻ ജോബ്



അമ്മു മറിയം അനിൽ



സോനാ മറിയം ജോർജ്



നിഖിത മരിയ ഷിബു



മാത്യു എസ് ചെറിയാൻ

*(എഡിറ്റോറിയൽ തുടർച്ച)* വിശ്വസിക്കുകയാണല്ലോ. മറ്റുള്ളവരുമായുള്ള ഏതിടപാടിലും ഇതു തന്നെയാണല്ലോ അവസ്ഥ.

മനുഷ്യർ തമ്മിൽ ഇങ്ങനെ വിശ്വസ്തരായിരിക്കേണ്ടതുണ്ടെങ്കിൽ, എല്ലാ കാര്യങ്ങളും അറിയുകയും, നിയന്ത്രിക്കുകയും ചെയ്യുന്ന ദൈവത്തോട് നാം എത്രമാത്രം വിശ്വസ്തരായിരിക്കണം. ■

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area)**
**01-07-2018 - 4 pm**
ശ്രീ. പി.സി . സാമുവേൽ
പനക്കച്ചേരിൽ, ലിസി ഹോസ്പിറ്റൽ റോഡ്
സ്പൈസസ് സ്ട്രീറ്റ് , കൊച്ചി - 18.
Mob : 9497666129

**St. Marys Unit (Central Area)**
**08-07-2018 - 4 pm**
ശ്രീ. മാത്യൂ വർഗ്ഗീസ്
വില്ലിംഗ്ടൺ എൻക്ലേവ്, തേവര
ഫെറി റോഡ്, കൊച്ചി - 13
Tel: 2664355, Mob: 9895455701

**St. Gregorios Unit (Elamkulam-Kadavanthra Area) 22-07-2018 - 4 pm**
ശ്രീ. എം. എം. തോമസ്
6 ബി, സ്വപ്നിൽ അപ്പാർട്ട്മെൻറ്സ്
കടവന്ത്ര-കലൂർ റോഡ്, കൊച്ചി-17
Mob: 9995606898




Editorial Board : K.K. George (94470 40484), Mathew Koshy, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 12 ISSUE : 07 July 2018

## എഡിറ്റോറിയൽ

## വിശ്വാസ്യത

**ക്രൈ**സ്തവരുടെ ജീവിതത്തിൽ ഏറ്റവും പ്രധാനമായി കാക്കേണ്ട പ്രകൃതമാണ് വിശ്വാസ്യത. ലോകാരംഭം മുതൽ തന്നെ അവിശ്വാസം കാണിക്കുകയെന്നത് മനുഷ്യ സ്വഭാവമായി തീർന്നിരുന്നു. ദൈവം വിശ്വസിച്ചു ഏദൻ തോട്ടത്തിൽ ആക്കിയിരുന്നു ആദവും, ഹവ്വായും മുതൽ അവിശ്വാസം കാട്ടുന്നത് മനുഷ്യ സ്വഭാവമായി തുടർന്ന് വരുന്നു. പണ്ടൊക്കെ സ്കൂളിൽ കുട്ടികളുടെ സ്വഭാവരൂപീകരണത്തിന് അദ്ധ്യാപകർ ശ്രദ്ധിച്ചിരുന്നു. എന്നാൽ സ്കൂൾ നടത്തിപ്പിൽ കൂടുതൽ നിയന്ത്രണങ്ങൾ വന്നതോടെ ഇങ്ങിനെയുള്ള കാര്യങ്ങളിൽ അദ്ധ്യാപകർക്കുള്ള ശ്രദ്ധയും ചുമതലയും കുറയുകയാണ് ചെയ്തത് .

ഒരിക്കൽ ഭർത്താവ് മരിച്ച് മറ്റുള്ളവരുടെ വീട്ടുജോലികൾ ചെയ്തു ജീവിച്ചിരുന്ന ഒരു സ്ത്രീ അവരുടെ അഞ്ചു മക്കളെയും വളർത്തി, പഠിപ്പിച്ചു മിടുക്കരാക്കി സമൂഹത്തിന് കൊള്ളാവുന്നവരാക്കി. അയൽപക്കത്തുള്ള അവരുടെ സുഹൃത്ത് ഇതെങ്ങിനെ സാധിച്ചെന്ന് ചോദിച്ചു. അവരുടെ ഉത്തരം വളരെ ലളിതമായിരുന്നു. "ഞാൻ പഠിപ്പില്ലാത്തവളാണ്. അതുകൊണ്ട് വലിയ ഉപദേശങ്ങളൊന്നും കൊടുക്കുവാനുള്ള പ്രാപ്തി എനിക്കില്ലായിരുന്നു. ഞാനവർക്ക് കൊടുത്ത ഉപദേശം നന്നായി പ്രാർത്ഥിക്കുക, നന്നായി അദ്ധ്വാനിക്കുക, സത്യസന്ധരായിരിക്കുക എന്ന് മാത്രമായിരുന്നു". അവർ അത് അനുസരിച്ചതുകൊണ്ടാണ് അവർക്ക് ഉന്നതസ്ഥാനങ്ങളിലെത്താൻ കഴിഞ്ഞത്. പഠിപ്പില്ലാത്ത അമ്മയുടെ ഉപദേശം എത്ര അർത്ഥമുള്ളതായിരുന്നു.

കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിന് അച്ഛനമ്മമാർ തന്നെ മുൻകൈയെടുക്കണം. അദ്ധ്യാപകരോ, ഗവൺമെന്റോ കുഞ്ഞുങ്ങളെ ശ്രദ്ധിക്കുമെന്നു കരുതരുത്. അച്ചടക്കം പഠിപ്പിക്കേണ്ടത് സ്നേഹത്തിൽ കൂടിയാവണം. അത് ഏറ്റവും ഫലപ്രദമായി ചെയ്യാവുന്നത് മാതാപിതാക്കൾക്കാണ്. സത്യസന്ധരായിരിക്കുകയെന്നത് പ്രയാസമുള്ള കാര്യമാണ്. മറ്റുള്ളവരുടെ വിശ്വാസം പിടിച്ചു പറ്റുകയും നേരായ മാർഗ്ഗം സ്വീകരിക്കുകയും ചെയ്യാൻ ശ്രമിക്കണം. 'നിങ്ങളുടെ വാക്കുകൾ ഉവ്വ് ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും മാത്രമായിരിക്കട്ടെ'. (മത്താ 5 : 37). തെറ്റ് ചെയ്യാത്തവർക്ക് കള്ളം പറയേണ്ടിവരുകയില്ല. പല കലഹങ്ങൾക്കും കാരണം വിശ്വാസ വഞ്ചനയാണ്. ഒരു കുടുംബത്തിലുള്ളവർക്കു തന്നെ പരസ്പരം വിശ്വാസമില്ലാതെ വരുമ്പോൾ അവിടെ നിന്ന് വരുന്നവർക്ക് സമൂഹത്തിൽ ഉള്ളവരെ എങ്ങിനെ വിശ്വാസത്തിലെടുക്കാൻ സാധിക്കും? അതെ സമയം സമൂഹജീവിയായ മനുഷ്യന് അന്യോന്യം വിശ്വസിക്കാതെ ഒരു കാര്യവും ചെയ്യുവാനാകയില്ലെന്നും നമുക്കറിയാം. ദൈനംദിന കാര്യങ്ങളിൽ പോലും വിശ്വാസത്തിനുള്ള പ്രാധാന്യം കാണാം. കടയിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നയാൾക്ക് കടക്കാരൻ സാധനങ്ങൾ നൽകുന്നു. അതിന്റെ വില കടക്കാരന്റെ കയ്യിൽ കിട്ടുന്നതുവരെയെങ്കിലും കടക്കാരൻ ആ അപരിചിതനെ

*(ശേഷം 4-ാം പേജിൽ)*

## ഇടയ ലേഖനം

## എരിഞ്ഞു തീരുന്ന മെഴുതിരി

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



**അ**വൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കായിരുന്നു. സുവിശേഷങ്ങൾ അവതരിപ്പിക്കുന്ന യോഹന്നാൻ സ്നാപകൻ അസാധാരണനായ ഒരു ധീരനും, കത്തിയാളുന്ന ധർമ്മനിഷ്ഠയുള്ള യോഗിയുമാണ്. അദ്ദേഹത്തിന്റെ "ജാതകം" ദൈവപുത്രന് വഴിയൊരുക്കുക എന്നതായിരുന്നു. തന്റെ ജീവിതോദ്ദേശ്യത്തെപ്പറ്റി അദ്ദേഹത്തിന് വ്യക്തമായ അറിവുണ്ടായിരുന്നു. ദൈവപുത്രനെ ലോകത്തിനു കാണിച്ചുകൊടുക്കുക എന്ന ദൗത്യവും അദ്ദേഹത്തിനുണ്ടായിരുന്നു. ദൈവം നൽകിയിരുന്ന "ഉദ്ദേശ്യങ്ങള"ല്ലാതെ മറ്റൊരു അജണ്ടയും അദ്ദേഹത്തിനുണ്ടായിരുന്നില്ല. തന്നെയുമല്ല, അദ്ദേഹത്തെ ഭൂമിയിലേക്ക് ദൈവം അയച്ചതാണെന്ന് സുവിശേഷകനായ യോഹന്നാൻ എഴുതിയിരിക്കുന്നു. ദൈവപുത്രന് തോഴനും, ദാസനും, വഴി തെളിക്കുന്നവനുമായിരുന്ന്, "അവൻ വളരുമ്പോൾ" തന്റെ ദൗത്യം അവസാനിക്കുമെന്ന നല്ല ബോദ്ധ്യത്തോടെ അദ്ദേഹം ജീവിച്ചു. ആ ദീപം അണയുന്നതുവരെ വർദ്ധമാനമായ തേജസ്സോടെ കത്തിക്കൊണ്ടിരുന്നു. "സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ ഏറ്റവും മഹാൻ" എന്ന വിശേഷണം അദ്ദേഹം നേടിയത് ദൈവപുത്രനിൽ നിന്ന് തന്നെയായിരുന്നു.

ദൈവമേൽപ്പിച്ച ജോലിയല്ലാതെ മറ്റൊന്നും ചെയ്ത് ഖ്യാതി നേടാൻ ഈ വാഗ്ദത്ത സന്തതി ശ്രമിച്ചതേയില്ല. ഏല്പിച്ച ജോലി, വിശ്വസ്തതയോടെ നിവർത്തിച്ചു, അത്രമാത്രം. അങ്ങനെ സ്വജീവിതത്തിന്റെ പൂർണ്ണത അദ്ദേഹം കണ്ടെത്തി. യഹൂദ സന്യാസ പരമ്പരയിൽപ്പെട്ട ഒരു യോഗിയായി കാണപ്പെട്ട യോഹന്നാൻ, മനുഷ്യമനസ്സുകളെ രൂപാന്തരപ്പെടുത്താൻ, തന്റെ ധർമ്മനിഷ്ഠിതമായ ജീവിത വിശുദ്ധിയുടെ പടവാളാണ് പ്രയോഗിച്ചത്. നീണ്ട തൊങ്ങലുകളുള്ള പട്ടുവസ്ത്രം ധരിച്ചു "റബി"കളായി, ഗുരുസ്ഥാനീയരായി ഭാവിച്ചിരുന്നവരിൽ നിന്നും തികച്ചും വിഭിന്നനായിരുന്നു യോഹന്നാൻ. അദ്ദേഹം സമൂഹത്തിന്റെ 'പുറംനാടുകളിൽ നിന്ന്' വന്നവനായിരുന്നു. മരുഭൂമിയിൽ വിളിച്ചുപറയുന്ന ശബ്ദമായി ജനം അദ്ദേഹത്തെ തിരിച്ചറിഞ്ഞു. തികച്ചും "outsider" ആയി പ്രത്യക്ഷപ്പെട്ട ആ യോഗീശ്വരനെ ശ്രദ്ധിക്കാതിരിപ്പാൻ ആർക്കും കഴിഞ്ഞിരുന്നില്ല. രക്തസാക്ഷിയായി, ദാരുണംപ്രാപിക്കുന്നതിനും, അതിനുമുമ്പ് ഇരുളടഞ്ഞ കൽത്തുറുങ്കിൽ അടക്കപ്പെടുന്നതിനും അദ്ദേഹം വശംവദനായി. അതൊന്നും, ആ ധീരമഹാശയനെ തളർത്തിയില്ല. മണവാളനെ എതിരേറ്റ തോഴ്മക്കാരന്റെ സന്തോഷം നുകർന്നവൻ, തന്റെ ദൗത്യം അവസാനിക്കുന്നുവെന്നും, ഇനി മണവാളന്റെ നാളുകളാണെന്നും തിരിച്ചറിഞ്ഞു.

അന്ധകാരത്തിന്റെ അംശം അശേഷം ഇല്ലാത്ത വലിയ വെളിച്ചമാളിക (light House) ആയിരുന്നു യോഹന്നാൻ. ഹൃസ്വമായ ആയുസ്സിൽ തുടരെ പ്രകാശം പരത്തിക്കൊണ്ട് യോഹന്നാൻ

*(ശേഷം 4-ാം പേജിൽ)*

## വികാരിയുടെ കത്ത്

# എപ്പോഴും സന്തോഷിപ്പിൻ, ഇടവിടാതെ പ്രാർത്ഥിപ്പിൻ, എല്ലാറ്റിനും സ്തോസ്ത്രം ചെയ്വിൻ

ഫാ. സൈമൺ ജോസഫ്



പ്രാർത്ഥന ആരാധനയുടെ പരമ പ്രധാനമായ ഘടകവും, വിശ്വാസികളുടെ ജീവിതത്തിൽ അനിവാര്യമായ, മാറ്റിവയ്ക്കാൻ സാധിക്കാത്ത, പകരം വെയ്ക്കാൻ മറ്റൊന്നില്ലാത്ത വിശ്വാസിയുടെ മുഖമുദ്ര തന്നെ പ്രാർത്ഥനയാണ്. പ്രാർത്ഥനയായിരിക്കണം.

അറയിൽ കടന്ന് വാതിൽ അടച്ചു രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവിനോട് പ്രാർത്ഥിക്കണം എന്ന ആഹ്വാനം വി.മത്തായി ശ്ലീഹായുടെ സുവിശേഷത്തിൽ കാണാം. ഏകാഗ്രത, സമർപ്പണം, പരിപൂർണ ആശ്രയത്വം ഇവയെല്ലാം പ്രാർത്ഥനയുടെ അതിപ്രധാന ഘടകം തന്നെ. തെരുവ് കോണുകളിൽ നിന്ന് പ്രാർത്ഥിപ്പാൻ താൽപര്യപ്പെടുന്ന പ്രദർശനാത്മകമായ പ്രാർത്ഥനാശൈലിയെ വി.ഗ്രന്ഥം ശക്തമായി നിരാകരിക്കുന്നു. പൗരസ്ത്യ പിതാക്കന്മാർ പ്രാർത്ഥനക്കു നൽകുന്ന അതിശ്രേഷ്ഠമായ ഒരു വിശേഷണം ഇപ്രകാരം ആണ്. Prayer is the air of the soul. ആത്മാവിന്റെ പ്രാണവായു ആണ് പ്രാർത്ഥന. വിവരണം വേണ്ടാത്ത വിശേഷണം തന്നെ.

നേടുവാനും നേടിയെടുക്കുവാനും, കാണുവാനും കാണിക്കുവാനും, സ്വയം പ്രശംസിക്കാനും, വെല്ലുവിളിക്കാനും പകരം വീട്ടുവാനുള്ള അമിതാവേശം സാമൂഹ്യ രാഷ്ട്രീയ മണ്ഡലത്തിൽ എന്ന പോലെ ആത്മീയ മേഖലയിൽ അപകടമാംവിധം ഏറിവരുന്നു. യെശയ്യാ പ്രവചനസന്ദേശം എത്ര കണിശമാണ് എന്ന് കാണാം. ഈ ജനത്തിന്റെ ഹൃദയം എന്നെ വിട്ടു അകലത്തായിരിക്കുന്നു. ഇവർ വ്യർത്ഥമായി എന്നെ ഭജിക്കുന്നു. ദൈവസാന്നിധ്യബോധത്തിൽ നിറയാനുള്ള, സന്തോഷിക്കാനുള്ള മറ്റെങ്ങും ലഭ്യമാകാത്ത അനിർവചനീയമായ അനുഭവതലം പ്രാർത്ഥനയിൽക്കൂടിയും, പ്രാർത്ഥനാനുഭവത്തിലും മാത്രം ലഭ്യമാകുന്നതുമാണ്.

ഏദൻ പറുദീസായിൽ സൃഷ്ടിയുടെ മകുടമായി മനുജനെ സൃഷ്ടിച്ചാക്കിയിട്ട് വൈകുന്നേരങ്ങളിൽ അവനെ തേടിവരുന്ന, അവനുമായി മധുരഭാഷണത്തിൽ ഏർപ്പെടുന്ന ദൈവം അതിമനോഹരമായ അനുഭവം.

ചോദിച്ചുവാങ്ങി ലഭ്യമായതിന്റെ വില അറിയാതെ എല്ലാം നഷ്ടമാക്കി, നിഷ്ഫലനായി. പാപപങ്കിലമായ ജീവിത അനുഭവം പേറി. പിതാവിന്റെ ഭവനത്തിന്റെ സന്തോഷം അതിന്റെ പരിപൂർണ്ണത തിരിച്ചറിഞ്ഞ്, ദ്രവ്യാഗ്രഹത്തിന്റെ, സുഖലോലുപതയുടെ ആസ്വാദനത്തിന്റെ പ്രതിഫലമായ നിരാശ, കുറ്റബോധം, പാപഭാരം പേറി കടന്നുവരുന്നു. ഇടയപുത്രനെ നിറഞ്ഞ പ്രതീക്ഷയോടെ പാതയോരത്തു കാത്തു നിന്ന് ഓടിച്ചെന്നു വാരിപ്പുണർന്നു വീണ്ടെടുപ്പിന്റെ, വിമോചനത്തിന്റെ, നിത്യാനന്ദത്തിന്റെ അനുഭവം പ്രദാനം ചെയ്യുന്ന പിതാവായ ദൈവം. പ്രാർത്ഥനയിൽ ലഭ്യമാകുന്ന ദിവ്യാനുഭവത്തിന്റെ പ്രകാശനം ഇവിടെ കാണാം.

പ്രാർത്ഥന നിരന്തരം അന്വേഷണാനുഭവം ആവശ്യപ്പെടുന്നതാണ്. ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്നാണല്ലോ ദൈവ കൽപ്പന. അറിവും അർത്ഥവും തേടി അതിനെ പ്രതി കഠിന പ്രയത്നം ചെയ്യുന്ന ആധുനിക തലമുറ പ്രാർത്ഥന, ആരാധന ഇവ രണ്ടിനെയും തള്ളിക്കളയുകയും അതിൽ അഭിമാനിക്കുകയും ചെയ്തുവരുന്നു.

സങ്കീർത്തനക്കാരൻ പറയുന്നത് ദൈവത്തെ അന്വേഷിക്കുന്നവർ ആണ് ബുദ്ധിമാന്മാർ എന്നത്രെ. പ്രാർത്ഥന എങ്ങിനെ നിർവ്വഹിക്കണം എന്ന് സുവ്യക്തമായ സൂചന വേദഗ്രന്ഥം നൽകുന്നുണ്ട്. ഉണർന്നിരുന്നു പ്രാർത്ഥിക്കണം, ഇടവിടാതെ പ്രാർത്ഥിക്കണം പൂർണ്ണ സമർപ്പണത്തോടെ പ്രാർത്ഥിക്കണം.

പ്രാർത്ഥനയുടെ ലക്ഷ്യം പരിശുദ്ധാത്മാവിൽ നിറയപ്പെടേണ്ടതിനു വിശുദ്ധിയെ പ്രാപിക്കുന്നതിന്, നല്ല ഫലം കായ്ക്കേണ്ടതിന്, സ്വയത്തിൽ ഉള്ള അമിതാശ്രയം വെടിയേണം. മാറി നിന്ന് ദൈവത്തെ അന്വേഷിക്കുന്ന രീതി മാറണം. No man need to stay the way he is. ഒരു മനുഷ്യനും അവൻ ആയിരിക്കുന്ന അവസ്ഥയിൽ തുടരേണ്ടതില്ലാ എന്ന് ഫോസ്ഡിക് പറയുന്നുണ്ട്. ആരാധനാ ജീവിതത്തെ അതിൽ അതിപ്രാധാന്യം അർഹിക്കുന്ന പ്രാർത്ഥനയോടെ നമുക്കുള്ള സമീപനത്തിന് പുതിയ അർത്ഥതലം കാണ്മാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ■

## വിശേഷ ദിവസങ്ങൾ

ജൂലൈ

| | | |
|---|---|---|
| 08 | ഞായർ | മിഷൻ സൺഡേ |
| 12 | വ്യാഴം | കോട്ടയം എം .ഡി സെമിനാരി സ്ഥാപകൻ മലങ്കര സഭാ തേജസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവാന്നസ്യോസ് മെത്രാപ്പോലീത്തായുടെ 109-ാം ഓർമ്മ (കോട്ടയം പഴയ സെമിനാരി) |
| 15 | ഞായർ | മാർ കുറിയാക്കോസ് സഹദായുടെയും മാതാവ് മർത്തയുലീത്തയുടെയും ഓർമ്മ |

ഓഗസ്റ്റ്

| | | |
|---|---|---|
| 01 | ബുധൻ | ശുനനോയോ നോമ്പ് (15 നോമ്പ് ആരംഭം) |

## വി. കുർബ്ബാന സമയം

**എളംകുളം ചാപ്പൽ:** July 08 - 10.00 am, July 15 - 07.00 am, July 22 - 10.00 am, July 29 - 07.00 am, Aug 05 - 10.00 am.

**സെമിത്തേരിമുക്ക് ചാപ്പൽ:** July 08 - 07.30 am, July 22 - 07.30 am, Aug 05 - 07.30 am.

**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

## ഇംഗ്ലീഷ് വി. കുർബ്ബാന

എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വി. കുർബ്ബാന ഇംഗ്ലീഷിൽ, വൈകുന്നേരം 5.30 ന്

## വിവാഹം



എറണാകുളം നോർത്ത് എസ്സ്. ആർ. എം. റോഡ് കുന്നിത്തറയിൽ ശ്രീ. മാത്യുകുര്യന്റേയും ശ്രീമതി. ജെസ്സി മാത്യുവിന്റെയും മകൻ **ബിജോ മാത്യുവും** മാന്നാർ പാവുക്കര താമരവേലിൽ ശ്രീ. റ്റി. പി. കോശിയുടെയും ശ്രീമതി. സൂസൻ കോശിയുടെയും മകൾ **ജിൻസു റേച്ചൽ കോശിയും** തമ്മിലുള്ള വിവാഹം 04-06-2018 ൽ എറണാകുളം സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ച് ഇടുക്കി ഭദ്രാസനാധിപൻ അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസ്യോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നു.

*വധുവരന്മാർക്ക് മംഗളാശംസകൾ*





## കത്തീഡ്രൽ ഫാമിലി അസോസിയേഷൻ - സാമൂഹ്യ നന്മയ്ക്കായ്...









June 5ന് ഫാമിലി അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ മുളവുകാട് St.Sebastine UP സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും school bag, Note books തുടങ്ങിയ പഠനോപകരണങ്ങൾ വിതരണം ചെയ്തു. സ്ക്കൂൾ അധികൃതർ സംഘടിപ്പിച്ച മീറ്റിങ്ങിൽ വികാരി ബഹുമാനപ്പെട്ട Fr. JIju Vargheese വിതരണോൽഘാടനം നിർവ്വഹിച്ചു. June 5 പരിസ്ഥിതിദിനമാകയാൽ പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ മനസ്സിലാക്കി. HM Jean Sebastine സ്വാഗതം ആശംസിച്ചു. മുളവുകാട് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി വിജി ഷാജൻ പ്രസംഗിച്ചു. ഫാമിലി അസ്സോസിയേഷൻ വർക്കിംഗ് പ്രസിഡണ്ട് Adv. സണ്ണി ജോൺ, വൈസ് പ്രസിഡണ്ട് ശ്രീമതി മായാ മാത്യു, സെക്രട്ടറി ആലീസ് ജേക്കബ് എന്നിവർ ആശംസാപ്രസംഗം നടത്തി. കമ്മറ്റി മെമ്പർമാരായ ശ്രീ. ബാബു മാത്യു, ലതാ സൈമൺ, ആനി ഫിലിപ്പോസ്, മറിയാമ്മ മാത്യു എന്നിവരും പങ്കെടുത്തു. P. T. A. പ്രസിഡണ്ട് T. R സുബയ്യൻ, വാർഡ് മെമ്പർ ശ്രീ. മെജോ തുടങ്ങിയവരും ആശംസകൾ അർപ്പിച്ചു. പരിസ്ഥിതിദിനം പ്രമാണിച്ച് ബഹുമാനപ്പെട്ട Jiju Varghees അച്ചനും, മായാ മാത്യുവും സ്ക്കൂൾ പരിസരത്തു വൃക്ഷത്തൈകൾ നടുകയുമുണ്ടായി.

## OCYM Committee Members



**Secretary**: Ajith Thankachan, **Joint Secretary**: Roshith Joshy
**Treasurer**: Jiya Mariam Raj.
**Committee Members**: Rijo Mohan, Cymble Simon, Anooj Jacob, Eldho Cherian Paul, Nikitha.

Parish Members and their children who are staying out side Kerala may submit their email ID through - <stmaryscathedral.ekm@gmail.com>. Parish news bulletin and other parish informations will be sent to them.

## Elected Members of Managing Committee for - 2018-2019



**Trustee**: Cherian Korah, **Secretary**: V N Philipose.
**Committee Members**: Anil Koshy, Bejoy Varghese, Jacob P (Viju), Joy Varghese, Joy Joseph, John Abraham, Prince P Jacob, Paulose M C, Dr. Paulose Jacob, Thomas T (Moti), Thomas C K, Suma Mathew, Shyla Thomas.
Auditors: N C Mathai, T J Chacko.

## പ്രതിമാസ ധ്യാനം

പ്രതിമാസ ധ്യാനം ജൂലൈ 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ കത്തീഡ്രലിൽ വെച്ചു നടത്തപ്പെടും.